**പതിനാലാം കേരള നിയമസഭ**

**<u>പതിനെട്ടാം സമ്മേളനം</u>**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 87** **03.02.2020 ൽ മറുപടിയ്ക്ക്**

**<u>വെഞ്ചർ ക്യാപിറ്റൽ ഫോർ സ്റ്റാർട്ടപ്സ് 101</u>**

| ചോദ്യം<br>**ശ്രീ.പി.വി. അൻവർ**<br>**ശ്രീ.വി.കെ.പ്രശാന്ത്**<br>**ശ്രീ.കെ.ജെ. മാക്സി**<br>**ശ്രീ.എം. മുകേഷ്** | | മറുപടി<br>**പിണറായി വിജയൻ**<br>**( മുഖ്യമന്ത്രി )** | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നതിനുള്ള നൂതന ആശയങ്ങൾ അവതരിപ്പിച്ച് നിക്ഷേപം ലഭ്യമാക്കാൻ കേരള സ്റ്റാർട്ടപ് മിഷൻ 'വെഞ്ചർ ക്യാപിറ്റൽ ഫോർ സ്റ്റാർട്ടപ്സ് 101' എന്ന പരിപാടി സംഘടിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | 2019 ഓഗസ്റ്റ് 07, 08, 09 എന്നീ തീയതികളിൽ യഥാക്രമം കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം എന്നിവിടങ്ങളിൽ 'വെഞ്ചർ ക്യാപിറ്റൽ ഫോർ സ്റ്റാർട്ടപ്പ്സ് 101' എന്ന പരിപാടി സംഘടിപ്പിച്ചിരുന്നു. 100X.VC എന്ന വെഞ്ചർ ക്യാപിറ്റലിന്റെ ചീഫ് ടെക്നിക്കൽ ഓഫീസർ ആയ ശ്രീ വത്സൽ കനകിയ ആണ് പ്രസ്തുത പരിപാടിയിലെ സെഷനുകൾ കൈകാര്യം ചെയ്തത്. വാല്യുവേഷൻ, നിക്ഷേപം, ഷെയർ തുടങ്ങിയ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച് സ്റ്റാർട്ടപ്പുകൾക്ക് വിജ്ഞാനം ലഭിക്കുന്നതിനും നിക്ഷേപം സ്വരൂപിക്കുന്നതിനുമായാണ് പ്രസ്തുത പരിപാടി സംഘടിപ്പിച്ചത്. 3 പരിപാടികളിലുമായി 70 ലധികം സ്റ്റാർട്ടപ്പുകളാണ് പങ്കെടുത്തത്. പങ്കെടുത്ത സ്റ്റാർട്ടപ്പുകളെ അവലോകനം ചെയ്ത് 4 സ്റ്റാർട്ടപ്പുകളെ പ്രാഥമികമായി തെരെഞ്ഞെടുക്കുകയും അതിൽ ഫിൻലൈൻ എന്ന സ്റ്റാർട്ടപ്പിൽ 25 ലക്ഷം രൂപ പ്രസ്തുത വെഞ്ചർ ക്യാപിറ്റൽ നിക്ഷേപം നടത്തുകയും ചെയ്തു . |
| (ബി) | നൂതനാശയങ്ങളുടെയും, സംരംഭകരുടെയും, സ്റ്റാർട്ടപ്പുകളുടെയും ആവശ്യങ്ങൾ മനസ്സിലാക്കാനും അതിനനുസരിച്ചുള്ള സാഹചര്യങ്ങൾ ഒരുക്കാനും ടെക്നോളജി ഇന്നവേഷൻ സോൺ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | എറണാകുളം കളമശ്ശേരിയിൽ 13.2 ഏക്കർ സ്ഥലത്ത് ടെക്നോളജി ഇന്നവേഷൻ സോൺ ഇതിനോടകം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വിവിധ കെട്ടിട സമുച്ചയങ്ങൾ ഉൾപ്പെട്ട പ്രസ്തുത സോണിലെ ആദ്യ കെട്ടിട സമുച്ചയമായ ഇന്റഗ്രേറ്റഡ് സ്റ്റാർട്ടപ്പ് കോംപ്ലക്സ് 13.01.2019 ൽ ഉദ്ഘാടനം ചെയ്യുകയും പ്രസ്തുത കോംപ്ലക്സ് പൂർണ്ണ തോതിൽ ഉപയോഗിച്ച് തുടങ്ങുകയും ചെയ്തിട്ടുണ്ട്. കേരള സ്റ്റാർട്ടപ്പ് മിഷന്റെ ഇൻകുബേറ്റർ, ഇലക്ട്രോണിക് ഇൻകുബേറ്ററായ മേക്കർ വില്ലേജ്, |

| | | | |
|---|---|---|---|
| | | | അഗ്മെന്റഡ് റിയാലിറ്റി, വെർച്വൽ റിയാലിറ്റി മേഖലയിൽ യൂണിറ്റിയുമായി സഹകരിച്ച് സെന്റർ ഓഫ് എക്സലൻസ്, ബ്രിങ്കുമായി സഹകരിച്ച് ഹാർഡ് വെയർ ആക്സിലറേറ്റർ, മസാച്ചുസെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ടുമായി സഹകരിച്ച് ഇന്ത്യയിലെ ആദ്യ സൂപ്പർ ഫാബ് ലാബ് എന്നിവ ഈ കോംപ്ലക്സിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മറ്റ് രണ്ട് കെട്ടിട സമുച്ചയങ്ങളുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു. കൂടാതെ ബയോടെക് ഇൻകുബേറ്ററായ ബയോനെസ്റ്റ് സോണിൽ ലഭ്യമായ മറ്റൊരു കെട്ടിടത്തിലും പ്രവർത്തിച്ചു വരുന്നു. സോൺ പൂർത്തിയാകുമ്പോൾ സ്റ്റാർട്ടപ്പുകളുടെ എല്ലാ ആവശ്യവും നിറവേറ്റാൻ കഴിയുന്ന ഏറ്റവും വലിയ ഹബ്ബായി ഈ സോൺ മാറുന്നതാണ്. |
| (സി) | പൊതുജനങ്ങൾക്കിടയിൽ നിന്നും മികച്ച ആശയങ്ങൾ കണ്ടെത്തുന്നതിന് ഗ്രാൻഡ് ഇന്നവേഷൻ ചലഞ്ച് എന്ന പേരിൽ മത്സരം സംഘടിപ്പിച്ച് അതിലെ വിജയികൾക്ക് ആശയങ്ങൾ നടപ്പാക്കുന്നതിന് മൂലധനവും പിന്തുണയും ഉറപ്പുവരുത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (സി) | 2017 ൽ ഗ്രാന്റ് ഇന്നവേഷൻ ചലഞ്ച് സംഘടിപ്പിച്ചിരുന്നു. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പ്രസ്തുത പരിപാടി തുടർന്നു സംഘടിപ്പിക്കുന്നതിന് സാധിക്കുന്നതാണ്. |

Sajan

**സെക്ഷൻ ഓഫീസർ**